**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3051 — 10.03.2017- ൽ മറുപടിയ്ക്ക്

# ചിറ്റൂരിലെ പുറമ്പോക്ക് നിവാസികൾക്ക് പട്ടയം

ചോദ്യം: ശ്രീ.കെ.കൃഷ്ണൻകുട്ടി

മറുപടി: ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ചിറ്റൂരിലെ പുറമ്പോക്ക് നിവാസികൾക്ക് പട്ടയം ലഭിക്കുന്നതിനായി കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(എ) 349 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇങ്ങനെ ലഭ്യമായ അപേക്ഷകളിൽ എത്ര അപേക്ഷകർക്ക് ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്; എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ട്; ഭൂമി അനുവദിയ്ക്കാത്ത എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്;

(ബി) ലഭ്യമായ അപേക്ഷകളിൽ 209 പേർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. 140 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്.

(സി) കഴിഞ്ഞ 5 വർഷക്കാലയളവിൽ പട്ടയഭൂമി അനുവദിക്കുന്നതിനുള്ള അസൈൻമെന്റ് കമ്മിറ്റികൾ എത്രയെണ്ണം ചിറ്റൂർ താലൂക്കിൽ കൂടിയിട്ടുണ്ട്;ഇങ്ങനെ കൂടിയ ഓരോ അസൈൻമെന്റ് കമ്മിറ്റികളും എത്ര അപേക്ഷ പരിഗണനയ്ക്കെടുത്തു;

(ഡി) ഓരോ കമ്മിറ്റിയിലും എത്ര അപേക്ഷകർക്ക് ഭൂമി അനുവദിച്ചു; എത്ര അപേക്ഷകൾ നിരസിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(സി) & (ഡി) അഞ്ച് അസൈൻമെന്റ് കമ്മിറ്റികൾ താഴെ പറയും തീയതികളിൽ കൂടിയിട്ടുണ്ട്.

| കമ്മിറ്റി കൂടിയ തീയതി | പരിഗണനയ്ക്ക് എടുത്ത പട്ടയങ്ങളുടെ വിവരം |
|---|---|
| 04/11/13 | 71 |
| 19/02/14 | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയ്ക്ക് മാത്രം |
| 04/11/14 | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയ്ക്ക് മാത്രം |
| 22/05/15 | 10 |
| 22/02/16 | 48 |

കൂടാതെ 80 കോളനി പട്ടയങ്ങളും ഇക്കാലയളവിൽ നൽകിയിട്ടുണ്ട്. കമ്മിറ്റി പരിഗണനയ്ക്കെടുത്ത പട്ടയഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷകൾ എല്ലാംതന്നെ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ